## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1842 01/02/2018- ൽ മറുപടിയ്ക്ക്
### കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സമൂഹത്തിലെ ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്; | (എ) ബി.പി.എൽ വിഭാഗത്തിലുള്ള മുതിർന്ന പൗരൻമാർക്ക് അവശ്യസഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക്, ദന്തനിര, കണ്ണടകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ വയോശ്രീ യോജന, ടി പദ്ധതി വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. തിരുവനന്തപുരം,എറണാകുളം , പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ALIMCO എന്ന സ്ഥാപനത്തെയാണ് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>വയോജനങ്ങളുടെ അടിസ്ഥാന ക്ഷേമത്തിനും ഉന്നമനത്തിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് integrated Programme for Older person (IPOP) തിരഞ്ഞെടുക്കപ്പെടുന്ന NGO's മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. ലഹരി ഉപഭോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര പദ്ധതിയാണ് Integrated Rehabilitation Centre for Addicts (IRCA) NGO മുഖാന്തരം ടി പദ്ധതി നടപ്പിലാക്കുന്നു.<br><br>ശാരീരിക/ മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അവരുടെ കഴിവിനെ ഉയർത്തുന്നതിനും സാമൂഹ്യപരമായി തുല്യത നേടിക്കൊടുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് Deen Dayal Disabled Rehabilitation Scheme (DDRS) തിരഞ്ഞെടുത്ത NGO's മുഖേന Vocational Training |

Centre പദ്ധതി പ്രകാരം നടപ്പിലാക്കുന്നു.
ഭിന്നശേഷിക്കാരായ ആളുകൾക്ക് അനുയോജ്യമായി ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള നിലവാരമുള്ള സഹായ ഉപകരണങ്ങൾ നൽകാനുദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് Assistance to Disabled persons for purchase/fitting of AID/Appliances (ADIP). ISI നിലവാരമുള്ള ഉപകരണങ്ങളാണ് ടി പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. സർക്കാർ സ്ഥാപനങ്ങൾ / NGO കൾ മുഖേനയാണ് ടി പദ്ധതി നടപ്പാക്കി വരുന്നത്.

| | |
|---|---|
| (ബി) ഇതിൽ ഏതെങ്കിലും കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന്റെ യഥാർത്ഥങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) ഇല്ല |
| (സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തി പുനരാവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ